# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
# ജില്ലാ ആഫീസ്, തൃശ്ശൂർ

സാധ്യതാ പട്ടിക നമ്പർ : PL 7/09/TSR — തൃശ്ശൂർ,
കാറ്റഗറി നമ്പർ : 358/07 — 14/05/2009

## വിജ്ഞാപനം

31/10/2007 തിയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം തൃശ്ശൂർ ജില്ലയിൽ സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ 4990 – 7990 രൂപ ശമ്പള നിരക്കിൽ ട്രേഡ്സ്മാൻ (പോളിമർ) തസ്തികയിലേക്കുള്ള (കാറ്റഗറി നമ്പർ : 358/07) തെരഞ്ഞെടുപ്പിനായി 08/11/2008 തിയതിയിൽ നടത്തിയ ഒ.എം.ആർ പരീക്ഷയുടെ അടിസ്ഥാനത്തിൽ റാങ്ക് പട്ടികയിലേക്ക് പരിഗണിക്കപ്പെടാൻ സോപാധികമായി അർഹരാണെന്ന് കണ്ട ഉദ്യോഗാർത്ഥികളുടെ രജിസ്റ്റർ നമ്പറുകൾ അടങ്ങിയ സാധ്യതാ പട്ടിക ചുവടെ ചേർത്തിരിക്കുന്നു. റാങ്ക് പട്ടിക പ്രസിദ്ധീകരിക്കുന്നതിനു മുൻപ് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികളുടെ ജനനത്തീയതി, സമുദായം, യോഗ്യത എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകൾ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

രജിസ്റ്റർ നമ്പറുകൾ അവയുടെ സംഖ്യാക്രമത്തിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. യാതൊരു കാരണവശാലും ഈ ക്രമീകരണം പ്രസ്തുത പരിക്ഷയുടെ റാങ്ക് ക്രമത്തെ സൂചിപ്പിക്കുന്നില്ല.

രജിസ്റ്റർ നമ്പറുകൾക്ക് മുൻപിൽ തൃശ്ശൂർ ജില്ലയെ സൂചിപ്പിക്കുന്ന ആർ(R) ചേർത്ത് വായിക്കേണ്ടതാണ്.

## മുഖ്യ പട്ടിക

| | | | | |
|---|---|---|---|---|
| 2001 | 2003 | 2004 | 2005 | 2006 |
| 2007 | 2011 | 2012 | 2015 | 2023 |

## ഉപ പട്ടികകൾ

### 1.ഈഴവ

2017 2019

### 2. പട്ടികജാതി

2018

3. <u>പട്ടികവർഗ്ഗം</u>

ഇല്ല

4. <u>മുസ്ലീം</u>

2014

5. <u>ലാറ്റിൻ കാത്തലിക്</u>

ഇല്ല

6. <u>ഒ ബി സി</u>

2009 2016 2025

7. <u>വിശ്വകർമ്മ</u>

ഇല്ല

8. <u>എസ് ഐ യു സി നാടാർ/ആംഗ്ലോ ഇന്ത്യൻ</u>

ഇല്ല

9. <u>ഒ എക്സ്</u>

ഇല്ല

10. <u>ധീവര</u>

ഇല്ല

കുറിപ്പ് 1:- അപേക്ഷകളുടെ സൂക്ഷ്മ പരിശോധനയ്ക്കും, നിരുപാധിക സ്വീകാര്യതയ്ക്കും വിധേയമായി തീർത്തും സോപാധികമായാണ് രജിസ്റ്റർ നമ്പറുകൾ ഈ പട്ടികയിൽ ഉൾക്കൊള്ളിച്ചിട്ടുള്ളത്. സാധ്യതാ പട്ടികയിൽ രജിസ്റ്റർ നമ്പർ ഉൾപ്പെട്ടു എന്നത് റാങ്ക് പട്ടികയിൽ ഉൾപ്പെടുന്നതിന് യാതൊരു അവകാശവും ഉദ്യോഗാർത്ഥിയ്ക്ക് പ്രദാനം ചെയ്യുന്നില്ല.

കുറിപ്പ് 2:- അപേക്ഷയിൽ ഉദ്യോഗാർത്ഥി രേഖപ്പെടുത്തിയിട്ടുള്ള വിശദാംശങ്ങളെ അടിസ്ഥാനമാക്കിയാണ് സാധ്യതാ പട്ടിക തയ്യാറാക്കിയിട്ടുള്ളത്. അതിനു ശേഷമുള്ള അവകാശ വാദങ്ങൾ ഒരു ഘട്ടത്തിലും പരിഗണിക്കുന്നതല്ല.

പരീക്ഷയിൽ 38 (മുപ്പത്തിയെട്ടും) ഉം അതിൽ കൂടുതലും മാർക്ക് ലഭിച്ച ഉദ്യോഗാർത്ഥികളെയാണ് ഈ സാധ്യതാ പട്ടികയുടെ മുഖ്യ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ അടിസ്ഥാന മാർക്കിൽ ആവശ്യമായ ഇളവ് വരുത്തി ഉപ പട്ടികകൾ തയ്യാറാക്കിയിരിക്കുന്നു.

ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾ തങ്ങളുടെ അപേക്ഷയിൽ അവകാശപ്പെട്ടിരുന്ന കാര്യങ്ങൾ അതായത് വിദ്യാഭ്യാസ യോഗ്യത, ജനനത്തീയതി, ജാതി എന്നിവയും മറ്റു ആനുകൂല്യങ്ങൾ അവകാശപ്പെട്ടിരുന്നെങ്കിൽ അതും തെളിയിക്കുന്നതിന് ആവശ്യമായ പ്രമാണങ്ങളുടെ അസ്സലും സ്വയം സാക്ഷ്യപ്പെടുത്തിയ ശരിപ്പകർപ്പുകളും പി എസ് സി യുടെ തൃശ്ശൂർ ജില്ല ആഫീസിൽ താഴെപ്പറയുന്ന സമയത്തും തീയതിയിലും നേരിട്ട് ഹാജരാക്കേണ്ടതാണ്.

| 09/06/2009 രാവിലെ 11 മണി |
|---|

ഈ സാധ്യതാ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരും നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടവരുമായ പിന്നോക്ക സമുദായങ്ങളിൽപ്പെട്ട ഉദ്യോഗാർത്ഥികൾ, തങ്ങൾ ഹാജരാക്കേണ്ടതായ മറ്റു പ്രമാണങ്ങളോടൊപ്പം നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. മുഖ്യ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് യഥാ സമയം ഹാജരാക്കുന്നതിന് വീഴ്ച വരുത്തുന്നപക്ഷം അവരെ സാമുദായിക സംവരണത്തിന് അർഹതയില്ലാത്ത 'ഓപ്പൺ കോമ്പറ്റീഷൻ' വിഭാഗം ഉദ്യോഗാർത്ഥികളായി പരിഗണിയ്ക്കുന്നതാണ്. പിന്നോക്ക സമുദായങ്ങളുടെ ഉപ പട്ടികയിലുള്ള ഇത്തരം ഉദ്യോഗാർത്ഥികൾ നോൺ-ക്രീമിലെയർ സർട്ടിഫിക്കറ്റ് യഥാ സമയം ഹാജരാക്കാത്തപക്ഷം,അവരുടെ രജിസ്റ്റർ നമ്പറുകൾ ഇനി ഒരറിയിപ്പ് കൂടാതെ ഈ സാധ്യതാ പട്ടികയിൽനിന്നും നീക്കം ചെയ്യുന്നതാണ്.

വിമുക്ത ഭടന്മാർ, കായിക താരങ്ങൾ എന്നീ വിഭാഗത്തിൽപ്പെട്ടവർ അവർക്കായുള്ള പ്രത്യേക ആനുകൂല്യങ്ങൾ അപേക്ഷയിൽ അവകാശ പ്പെട്ടിട്ടുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കേണ്ടതാണ്. ഉദ്യോഗാർത്ഥികൾ നേരിട്ടല്ലാതെ ഹാജരാക്കുന്ന രേഖകൾ സ്വീകരിക്കുന്നതല്ല.

സമയബന്ധിതമായി റാങ്ക് പട്ടിക പ്രസിദ്ധീകരിക്കേണ്ടതിനാൽ അസ്സൽ രേഖകളും പകർപ്പുകളും ഹാജരാക്കുന്നതിന് കൂടുതൽ സമയം അനുവദിക്കുകയോ, വീണ്ടും ഒരവസരം നൽകുകയോ ചെയ്യുന്നതല്ല. ആകയാൽ അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്യോഗാർത്ഥികൾ സമയ വിവരപട്ടികയിൽ കാണിച്ചിട്ടുള്ള ദിവസവും സമയവും കൃത്യമായി മനസ്സിലാക്കി സർട്ടിഫിക്കറ്റ് പരിശോധനയ്ക്ക് അന്നേ ദിവസം കൃത്യ സമയത്ത് സ്വന്തം ചെലവിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

**<u>ഉദ്യോഗാർത്ഥികൾ ഹാജരാക്കേണ്ട സർട്ടിഫിക്കറ്റുകൾ</u>**

| | |
|---|---|
| 1. ജനനത്തിയതി, വയസ്സ് | : എസ്.എസ്.എൽ.സി യുടെ ബന്ധപ്പെട്ട പേജ്/തത്തുല്ല്യ സർട്ടിഫിക്കറ്റ് (അസ്സലും ശരിപ്പകർപ്പും) |
| 2. വിദ്യാഭ്യാസ യോഗ്യത | : 1. ഏഴാം സ്റ്റാൻഡേർഡ് ജയിച്ചിരിക്കണം.<br>2. ബന്ധപ്പെട്ട ട്രേഡിൽ ജെ റ്റി എസ് എൽ സി/ഐ ടി ഐ/കെ ജി ടി ഇ/ കെ ജി സി ഇ/സിറ്റി ആൻറ് ഗിൽഡ്സ് പരീക്ഷ ജയിച്ചിരിക്കണം. (സർട്ടിഫിക്കറ്റും/മാർക്ക് ലിസ്റ്റും) (അസ്സലും പകർപ്പും ഹാജരാക്കുക) കുറിപ്പ് : സിറ്റി ആൻറ് ഗിൽഡ്സ് ഓഫ് ലണ്ടൻ ഇൻസ്റ്റിറ്റ്യൂട്ട് 31/03/1985 നു ശേഷം നൽകുന്ന സർട്ടിഫിക്കറ്റ് സ്വീകാര്യമല്ല. |
| 3. ജാതി, സമുദായം | : പട്ടിക ജാതി/പട്ടിക വർഗ്ഗ വിഭാഗക്കാർ തഹസീൽദാരിൽനിന്നും ലഭിച്ചകമ്മ്യൂണിറ്റി സർട്ടിഫിക്കറ്റും, മറ്റുപിന്നോക്ക സമുദായക്കാർ നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും (അസ്സലും ശരിപ്പകർപ്പും) (നോൺക്രീമിലെയർ സർട്ടിഫിക്കറ്റ്, 25/08/2007 ലെ സർക്കാർ ഉത്തരവ് (പി) 46/2007/എസ് സി എസ് റ്റി ഡി ഡി പ്രകാരമുള്ളതോ അല്ലെങ്കിൽ 19/12/2008 ലെ സർക്കാർ ഉത്തരവ് ( പി)117/2008/എസ് .സി.എസ്.റ്റി. ഡി.ഡി പ്രകാരമുള്ളതോ ആയിരിക്കണം. നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റും, ജാതി സർട്ടിഫിക്കറ്റും ഒരു വർഷത്തി ലധികം പഴക്കമുള്ളതാകാൻ പാടില്ല. |

4. വിമുക്തഭടന്മാർ : ഡിസ്ചാർജ് സർട്ടിഫിക്കറ്റ്, പെൻഷൻ പേയ്മെൻറ് ഓർഡർ എന്നിവയുടെ അസ്സലും ശരിപ്പകർപ്പും

5. കായികതാരങ്ങൾ : കേരള സംസ്ഥാന സ്പോർട്സ് കൗൺസിൽ സെക്രട്ടറി സാക്ഷ്യപ്പെടുത്തിയ സർട്ടിഫിക്കറ്റും ശരിപ്പകർപ്പും

6. സർവ്വീസിലുള്ള ഉദ്യോഗാർത്ഥികൾ : ബന്ധപ്പെട്ട ആഫീസ് മേധാവിയിൽ നിന്നോ വകുപ്പു മേധാവിയിൽ നിന്നോ ലഭിച്ച നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റിൻെറ അസ്സൽ

7. പേര് ജനനത്തിയതി, ഒപ്പ് എന്നിവയിൽ വ്യത്യാസം : പേര്, ജനനത്തീയതി, ഒപ്പ് എന്നിവയിൽ വ്യത്യാസം വരുത്തിയിട്ടുള്ള ഉദ്യോഗാർത്ഥികൾ ആയവ തെളിയിക്കുന്നതിനാവശ്യമായ ഗസറ്റ് വിജ്ഞാപനവും ശരിപ്പകർപ്പും.

8. മറ്റേതെങ്കിലും അർഹത : മറ്റേതെങ്കിലും അർഹതയുണ്ടെങ്കിൽ ആയവ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റും ശരിപ്പകർപ്പും.

മുകളിൽ പറഞ്ഞ പ്രകാരമുള്ള സർട്ടിഫിക്കറ്റുകളും മറ്റു രേഖകളും, വെരിഫിക്കേഷൻ സമയത്തിനു ശേഷം ഹാജരാക്കാൻ മറ്റൊരവസരം കൂടി നൽകുന്നതല്ല.

(കമ്മീഷൻെറ ഉത്തരവിൻ പ്രകാരം)

സുധീർ ബാബു എ. ആർ
ജില്ലാ ആഫീസർ
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ആഫീസ്, തൃശ്ശൂർ

വിതരണാനുമതി നൽകുന്നു

sk£³ B^okÀ

R VI sk£³

Kks